# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 729

**28.02.2017**- ൽ മറുപടിയ്ക്ക്

## നിലമ്പൂർ എ.ആർ. ഓഫീസിന്റെ കീഴിലുള്ള റൂറൽ സഹകരണ സംഘങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.വി. അൻവർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നിലമ്പൂർ എ.ആർ. ഓഫീസിന്റെ കീഴിൽ 14 (പതിനാല്) റൂറൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നതിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തവും പദ്ധതിവിഹിതവും ഇത് വരെ ലഭ്യമായിട്ടില്ലാത്തതിനാൽ ആയതു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിന്റെ കീഴിൽ 14 (പതിനാല്) റൂറൽ സഹകരണ സംഘങ്ങൾ പ്രവർത്തിച്ച വരുന്നതിൽ 11 എണ്ണം പലവക വിഭാഗത്തിൽപ്പെട്ടതും 3 എണ്ണം ക്രെഡിറ്റ് വിഭാഗത്തിൽപ്പെട്ടതും ആണ്. ടി സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അതാത് വിഭാഗത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ബി) നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന് വരുമാനമാർഗ്ഗമൊന്നുമില്ലാത്ത നിലവിലെ അവസ്ഥയിൽ പുനരുദ്ധാരണ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന് പുനരുദ്ധാരണ പദ്ധതി പ്രകാരം 2014-2015 സാമ്പത്തിക വർഷത്തിൽ 3 ലക്ഷം രൂപയും (സർക്കാർ ഓഹരി - 1,20,000/- രൂപ + സബ്സിഡി - 1,80,000 രൂപ) 2016-2017 സാമ്പത്തിക വർഷത്തിൽ 3 ലക്ഷം രൂപയും (സർക്കാർ ഓഹരി - 1,20,000 രൂപ + സബ്സിഡി- 1,80,000 രൂപ) ഉൾപ്പെടെ 6 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 6 ലക്ഷം രൂപ നൽകുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്. പ്രസ്തുത തുക ടി സംഘത്തിന് നൽകിയിട്ടുണ്ട്. |

കൂടാതെ സംഘം പുനരുദ്ധാരണത്തിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ പരമാവധി തുകയായ 5 ലക്ഷം രൂപയും 2016-2017 സാമ്പത്തിക വർഷത്തിൽ ടി സംഘത്തിന് സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**